# പരിസര ശുചീകരണവുമായി ആലുവ ട്രാഫിക് പോലീസ്

കേരളത്തിൽ അങ്ങോളമിങ്ങോളം ഈ മൺസൂൺ കാലത്ത് സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കുന്നതിനാൽ ജനങ്ങളുടെ ആരോഗ്യത്തിനും പരിസര ശുചീകരണത്തിനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുടെ ആവശ്യകത മുൻനിർത്തി ആലുവ ട്രാഫിക് പോലീസിൻെറ നേതൃത്വത്തിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ സഹകരണത്തോടുകൂടി കീഴ്മാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഇന്ന് (05.07.17) സ്കൂളും പരിസരവും വൃത്തിയാക്കി. ഈ ശുചീകരണ പ്രവർത്തനത്തിൽ ആലുവ ട്രാഫിക് യൂണിറ്റ് സബ്ബ് ഇൻസ്പെക്ടർ കെ.എ.മുഹമ്മദ് ബഷീർ, അദ്ധ്യാപകൻ ശ്രീ. ബാബു എന്നിവർ നേതൃത്വം നൽകി.

